(ബി) 95 സബ്സ്റ്റേഷനുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. സബ്സ്റ്റേഷനുകൾ ഒന്നും പ്രവർത്തനഘട്ടത്തിലായിട്ടില്ല.

(സി) 452 കോടി രൂപ.

(ഡി) പ്രസരണനഷ്ടം ഒരു പരിധിവരെ കുറയ്ക്കുവാൻ കഴിയും.

(ഇ) 1998-99-ലെ കണക്കനുസരിച്ച് 17.75% ആണ് പ്രസരണ-വിതരണ നഷ്ടം. പ്രസരണ-വിതരണ ലൈനുകളിൽ കൂടി വൈദ്യുതി കടന്നുപോകുമ്പോൾ ലൈനുകളിലെ പ്രതിരോധവും വൈദ്യുതി ലീക്കേജും ജനറേറ്റിംഗ് സ്റ്റേഷനും വിതരണ കേന്ദ്രവും തമ്മിലുള്ള ദൂരവും മറ്റുമാണ് പ്രസരണ നഷ്ടമുണ്ടാകുന്നതിനുള്ള പ്രധാന കാരണങ്ങൾ.

കണ്ണൂർജില്ലയിലെ തോട്ടടയിൽ സ്ഥാപിക്കുന്ന 33 കെ. വി. സബ്സ്റ്റേഷൻ

110 (1777) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ തോട്ടടയിൽ സ്ഥാപിക്കുന്ന 33 കെ. വി. സബ്സ്റ്റേഷന്റെ പ്രവർത്തന പുരോഗതി വിശദീകരിക്കാമോ ;

(ബി) പ്രസ്തുത പദ്ധതി എപ്പോൾ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതിയുടെ പ്രയോജനം ഏതൊക്കെ പ്രദേശങ്ങളിൽ ലഭിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ തോട്ടടയിൽ സ്ഥാപിക്കുന്ന 33 കെ. വി. സബ്സ്റ്റേഷന്റെ പണി ടേൺ കീ വ്യവസ്ഥയിൽ ചെയ്യുന്നതിനായി എൽ. ആന്റ് ടി എന്ന കമ്പനിയ്ക്ക് ഉത്തരവ് നൽകിയിട്ടുണ്ട്.

(ബി) 2000-ാം മാണ്ട് ജൂലൈ മാസം കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) എടക്കാട്, എളയാവൂർ ചേലോറ എന്നീ വില്ലേജുകളിലും പരിസര പ്രദേശങ്ങൾക്കും പ്രസ്തുത പദ്ധതികളുടെ പ്രയോജനം ലഭിക്കുന്നതാണ്.

ജൈവാവശിഷ്ടങ്ങളിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതി

111 (1778) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൈവാവശിഷ്ടങ്ങളിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതി കേരളത്തിൽ ആരംഭിക്കാൻ ഉദ്ദേശമുണ്ടോ ;

(ബി) ഇതിനായി സംസ്ഥാനത്ത് ഏതെങ്കിലും സ്ഥലം നിർദ്ദേശിച്ചിട്ടുണ്ടോ ;

(സി) ഇതിന് ഏതെങ്കിലും ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly